**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3182** **01-03-2023 - ൽ മറുപടിയ്ക്ക്**

**പൊന്നാനി മണ്ഡലത്തിലെ ഹൗറ മോഡൽ തൂക്കുപാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി മണ്ഡലത്തിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചതും ഫണ്ട് അനുവദിച്ചതുമായ ഹൗറ മോഡൽ തൂക്കുപാലം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട പൊന്നാനി തിരൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന പൊന്നാനി അഴിമുഖത്തിന് കുറുകെ നിർമ്മിക്കുന്ന കേബിൾ സ്റ്റേയ്ഡ് പാലം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും, ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. പദ്ധതിയുടെ സാധ്യതയെക്കുറിച്ച് പഠിക്കുവാനും ഡി.പി.ആർ തയ്യാറാക്കുവാനും L&T എന്ന കമ്പനിയെ കൺസൾട്ടൻസിയായി ആർ.ബി.ഡി.സി.കെ. ചുമതലപ്പെടുത്തി. കൺസൾട്ടൻസി തയ്യാറാക്കിയ ഡി.പി.ആർ ആർ.ബി.ഡി.സി.കെ. പരിശോധിച്ചതിന് ശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും order no. PWD 016-32/APR-2/2020/KIIFB ഉത്തരവ് പ്രകാരം പദ്ധതി നിർവ്വഹണത്തിനായി 280.09 കോടി രൂപ അനുവദിക്കുകയും ചെയ്തു.<br><br>പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് 11.11.2020 ൽ ബഹു. മലപ്പുറം ജില്ലാകളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രദേശത്തിന്റെ അതിർത്തിയിൽ കല്ലുകൾ സ്ഥാപിക്കുകയും തുടർന്ന് 11.02.2021-ന് L.A. ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി 11(1) വിജ്ഞാപനം 08.11.2022 ൽ പ്രസിദ്ധീകരിച്ചു, സർവ്വേ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>പ്രസ്തുത പദ്ധതി തീരപ്രദേശത്ത് കൂടി കടന്നുപോകുന്നതിനാൽ തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലിയറൻസ് അനിവാര്യമാണ്. കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നിന്ന് 17.09.2022 ന് ക്ലിയറൻസ് ലഭ്യമാക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ഇതിന്റെ അടിസ്ഥാനത്തിൽ Ministry of Environmental and Forest ന്റെ ഫൈനൽ ക്ലിയറൻസിനായുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. Ministry of Environmental and Forest ൽ നിന്നും ക്ലിയറൻസ് ലഭിക്കുകയും, ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ